**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2673** **04-03-2025 - ൽ മറുപടിയ്ക്ക്**

**സഹകരണ വകുപ്പ് ജീവനക്കാരുടെ പെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അഹമ്മദ് ദേവർകോവിൽ** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന സഹകരണ വകുപ്പ് ജീവനക്കാരുടെ പെൻഷൻ ബോർഡിലൂടെ നിലവിൽ എത്ര പേർക്ക് പെൻഷൻ നൽകുന്നുണ്ട്; വിശദമാക്കാമോ; | (എ) | പ്രൈമറി സഹകരണ സംഘങ്ങളുടെ വിഭാഗത്തിൽ 19536, കേരള സംസ്ഥാന സഹകരണ ബാങ്ക് വിഭാഗത്തിൽ 4405, ഇതര സഹകരണ സംഘങ്ങളുടെ വിഭാഗത്തിൽ 1212 എന്നിങ്ങനെ ആകെ 25153 പേർക്ക് കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ പെൻഷൻ ബോർഡിലൂടെ പെൻഷൻ നൽകുന്നുണ്ട്. |
| (ബി) | പ്രസ്തുത ആവശ്യത്തിന് മാസത്തിൽ ചെലവഴിക്കുന്ന തുക എത്രയെന്ന് വ്യക്തമാക്കാമോ; | (ബി) | മൂന്ന് സ്കീമുകളിലുമായി 02/2025 മാസം ആകെ 32,49,63,737/- രൂപ ചെലവായിട്ടുണ്ട്. |
| (സി) | പെൻഷൻ ബോർഡിലെ നിക്ഷേപ തുക എൽ.ഐ.സി. പോലുള്ള സ്ഥാപനങ്ങളിൽ നിക്ഷേപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | പെൻഷൻ ബോർഡിലെ നിക്ഷേപ തുക എൽ.ഐ.സി. പോലുള്ള സ്ഥാപനങ്ങളിൽ നിക്ഷേപിക്കുന്നതിന് തീരുമാനിച്ചിട്ടില്ല. |
| (ഡി) | സഹകരണ വകുപ്പ് ജീവനക്കാരുടെ പെൻഷൻ പരിഷ്കരണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (ഡി) | സഹകരണ പെൻഷൻ പദ്ധതി കാലോചിതമായി പരിഷ്കരിക്കുന്നതിനും പുന:ക്രമീകരിക്കുന്നതിനും നിയോഗിച്ച കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ട് വിശദമായി പരിശോധിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ